# Weekly Devotions- June 2017

# The way to Heaven

## (സ്വർഗ്ഗത്തിലേക്കുള്ള വഴി)




ഭീകരാക്രമണം വർദ്ധിച്ചു വന്ന ഒരു ദേശത്ത് കാർമേഘം കടുപ്പമുള്ളതായതുമൂലം ഇരുട്ട് വ്യാപരിക്കുകയും ചെയ്തു. മഴയുടെ വരവ് ഉടനെ ഉണ്ടെന്ന വിചാരത്തിൽ വേഗം നടന്ന ഒരു മനുഷ്യ സ്നേഹി 'അങ്കിൾ' എന്ന് വിളിക്കുന്ന ഒരു ശബ്ദം കേട്ടു. ശബ്ദം കേട്ട ദിക്കിലേക്ക് നടന്നു ചെന്ന മനുഷ്യൻ കണ്ടത് ഒരു ബാലനെയാണ്. മോൻ എന്തിനാണ് ഇവിടെ നിൽക്കുന്നത് ? എവിടേയ്ക്കാണ് പോകേണ്ടത് ? എന്ന ചോദ്യത്തിന്റെ മറുപടി അയാളെ അതിശയിപ്പിക്കുന്നതായിരുന്നു. എനിക്ക് സ്വർഗത്തിലേക്കാണ് പോകേണ്ടത്, ആ വഴി ഒന്നു പറഞ്ഞുതരാമോ എന്നായിരുന്നു അവന്റെ മറുചോദ്യം . എന്തിനാണ് ആ വഴി അറിയുന്നത് എന്നുമുള്ളതിന്റെ കാരണവും അവൻ വ്യക്തമാക്കി . ഭീകരർ അവന്റെ മാതാപിതാക്കളെ കൊന്നതിനാൽ അവൻ അനാഥനാണ്. കണ്ണടയും മുൻപ് പിതാവ് പറഞ്ഞത് സ്വർഗ്ഗത്തിൽ വച്ച് വീണ്ടും കാണാമെന്നാണ്. പക്ഷേ അവിടേക്കുള്ള വഴി മാത്രം പറഞ്ഞില്ല. ഒരു ബാലിശമായ ചോദ്യമായി ഇതിനെ കാണരുതേ. മാതാപിതാക്കൾ ഭൗമീക ജീവിതോന്നമനത്തിനുള്ള എല്ലാ വഴികളും ഒരുക്കികൊടുക്കുമ്പോൾ ഒരു നിമിഷം .........ആലോചിക്കുക ആത്മീയ വഴിയെ അവരോടൊപ്പം നടന്നിട്ടുണ്ടോ? ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക. മക്കൾ നഷ്ടപ്പെട്ടിട്ട് പിന്നെ വിലപിച്ചാൽ ഫലമില്ല .

“ **ഞാൻ തന്നെ വഴിയും സത്യവും ജീവനും**”എന്ന് അരുളിയവന്റെ പലരും കേട്ടിട്ടും കേൾക്കാത്ത ഭാവത്തിൽ പോകുന്നു. എങ്ങനെ എവിടെ നിന്ന് യാത്ര തുടങ്ങണമെന്നും, അത് എവിടെ അവസാനിക്കുമെന്നും പറയുക മാത്രമല്ല നടത്തുകയും വേണം.

“ നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാകുന്നു. അവിടെ നിന്ന് ക്രിസ്തു രക്ഷിതാവായി വരും” (ഫിലി:3:20).അതായത് സ്വർഗ്ഗം അവൻ വസിക്കുന്ന സ്ഥലവും അവന്റെ പരമാധികാരത്തിൽപ്പെട്ടതുമാണ്. അതുപോലെ തന്നെ സൃഷ്ടാവായ ദൈവത്തിന്റേതാണ് നാം വസിക്കുന്ന ഈ ഭൂമിയും . ഈ ഭൂമി സൃഷ്ടിച്ച് നല്ലതെന്ന് കണ്ടവൻ തന്റെ രൂപത്തിൽ ഉണ്ടാക്കിയ മനുഷ്യനെ അതു വാഴുവാനുള്ള അധികാരം കൊടുത്തു. പക്ഷേ സാത്താന്റെ വല

യിൽ വീണവൻ വേലയിലും , കാവലിലും വീഴ്ച വരുത്തുക മാത്രമല്ല ; ചെയ്യരുതെന്ന് വിലക്കിയതും ചെയ്ത് ഭൂമിയെ ശാപത്തിലാക്കി. ഇന്നും ഭൂമി സാത്താന്റെ പിടിയിലാണ്. പലരും ഇവിടുത്തെ പൗരത്വത്തിനാവശ്യമായ നിയമവും തെറ്റിക്കുന്നു. Read ഉല്പത്തി; (1:28,31) ,(2:15-17), (3:11).

സ്വർഗ്ഗീയ പൗരത്വത്തിന് ആദ്യം നേടേണ്ടത് ദൈവരാജ്യത്തിന്റെ പ്രവേശനമാണ്. ദൈവം സൃഷ്ടിച്ച ഈ ഭൂമിയിൽ വസിക്കുന്നു എങ്കിലും ദൈവരാജ്യം അഥവാ സ്വർഗ്ഗ രാജ്യം നേടുവാൻ നാം ചില കാര്യങ്ങൾ അനുസരിക്കണം. Read മത്തായി (4:17), മർക്കോസ് (1:14) പത്രോസിനെ ഏല്പിച്ചത് സ്വർഗ്ഗരാജ്യത്തിന്റെ താക്കോലാണ്. ഈ പൂട്ട് തുറന്ന് അകത്തു കടക്കുവാൻ 4 കാര്യങ്ങൾ ചെയ്യണം.

1. തിരിഞ്ഞ് ശിശുക്കളെ പോലെയാകണം.
2. വീണ്ടും ജനിച്ച് ആത്മ നിറവുള്ളവരായി ആരാധിക്കണം.
3. ദൈവഹിതം മാത്രം ചെയ്ത് വിശുദ്ധിയിൽ ജീവിക്കേണം.
4. ദൈവീക നീതിക്കനുസരിച്ച് നീതിയുള്ളവരായി ജീവിച്ച് , പരസ്പരം കരുതി , നല്ലത് പ്രവർത്തിക്കുന്നവരാകണം.

ഈ പൗരത്വം നേടി നിലനിർത്തുവാനും , സ്വർഗ്ഗീയ പൗരത്വം കരസ്ഥമാക്കുവാനും അവൻ ഏല്പിച്ച നിയമ സംഹിതയാണ് ദൈവവചനം. ദൈവരാജ്യത്തിൽ കൂടെയല്ലാതെ ആർക്കും സ്വർഗ്ഗത്തിൽ എത്താൻ കഴിയുകയില്ല. ദൈവം ഒരുവനിൽ വസിച്ച് കർത്തൃത്വം നടത്തുന്നു എങ്കിൽ അവൻ ദൈവരാജ്യത്തിലാണ്. അതിനാൽ സൗമ്യത, സത്യസന്ധത , താഴ്മ ഇവ ധരിച്ച് വിശുദ്ധിയും വേർപാടും സൂക്ഷിച്ച് പുതുജനനം പ്രാപിച്ച് ജീവപുസ്ത കത്തിൽ പേരുള്ളവരായി സ്വർഗ്ഗീയ പൗരത്വം ഉറപ്പാക്കുവാൻ ദൈവം നിങ്ങളെ ഓരോരുത്തരേയും സഹായിക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind